


1. മധ്യകാലഘട്ടത്തിൽ നിന്ന് ആധുനിക കാലഘട്ടത്തിലേക്കുള്ള പരിവർത്തനമായിരുന്നു നവോത്ഥാനം എന്ന പ്രസ്താവനയുടെ പ്രാധാന്യം വിലയിരുത്തുക.

Answers:

- 14-ാം നൂറ്റാണ്ട് മുതൽ യൂറോപ്പിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ മേഖലകളിൽ നിരവധി മാറ്റങ്ങൾ സംഭവിച്ചു.
- പ്രാചീന യൂറോപ്പിലെ ഗ്രീക്കോ-റോമൻ സംസ്കാരങ്ങളുടെ സ്വാധീനത്തോടൊപ്പം മധ്യകാലഘട്ടത്തിലെ ആശയങ്ങളിൽ നിന്ന് മാറിനിൽക്കാനുള്ള പ്രവണതയും ശക്തമായി.
- നഗരജീവിതത്തിന്റെ വളർച്ച, വ്യാപാരത്തിന്റെ പുരോഗതി, ദേശീയ രാഷ്ട്രങ്ങളുടെ ഉദയം എന്നിവ ഈ മാറ്റങ്ങളുടെ സവിശേഷതകളായിരുന്നു.
- മാനവികത, വ്യക്തിസ്വാതന്ത്ര്യം, യുക്തിചിന്ത, നാണയ സമ്പദ്‌വ്യവസ്ഥ എന്നിവയിലേക്കുള്ള മാറ്റം ഇതിൽ ഉൾപ്പെടുന്നു.
- മധ്യകാല നാടുവാഴിത്തത്തിൽ നിന്ന് ആധുനിക കാലഘട്ടത്തിലേക്കുള്ള പരിവർത്തനമായി നവോത്ഥാനം കണക്കാക്കപ്പെടുന്നു.

2. നവോത്ഥാനം ഇറ്റലിയിൽ ആരംഭിക്കാനുണ്ടായ കാരണങ്ങൾ വിശദീകരിക്കുക.

Answer:

- ഇറ്റലിയിലെ നഗരങ്ങൾ യൂറോപ്പിലെ മറ്റ് നഗരങ്ങളിൽ നിന്ന് വ്യത്യസ്തമായി കൂടുതൽ സ്വതന്ത്രവും സമ്പന്നവും ചലനാത്മകവുമായിരുന്നു.

- ബാങ്കിംഗ്, ഇൻഷുറൻസ്, ബുക്ക് കീപ്പിംഗ് തുടങ്ങിയ സാങ്കേതിക കാര്യങ്ങളിൽ അവിടുത്തെ വ്യാപാരികൾക്ക് അറിവുണ്ടായിരുന്നു.

- ഇറ്റലി പ്രാചീന റോമൻ നാഗരികതയുടെ ഭാഗമായിരുന്നു, അവിടെ ഗ്രീക്കോ-റോമൻ സംസ്കാരങ്ങളുടെ സ്വാധീനം ശക്തമായി.

- ഇസ്ലാമിക സാമ്രാജ്യവുമായും ബൈസന്റൈൻ സാമ്രാജ്യവുമായും ഉള്ള വ്യാപാര ബന്ധത്തിന്റെ ഫലമായി ഇറ്റാലിയൻ നഗരങ്ങളിലേക്ക് വൻതോതിൽ സമ്പത്ത് ഒഴുകിയെത്തി.

- ഭരണാധികാരികളുടെയും പുരോഹിതന്മാരുടെയും പ്രോത്സാഹനത്താൽ ആളുകൾ പ്രാചീന റോമിലെ അവശിഷ്ടങ്ങൾ ശേഖരിക്കുകയും സംരക്ഷിക്കുകയും ചെയ്തു

3. കുരിശുയുദ്ധങ്ങൾ യൂറോപ്പിന്റെ സാമൂഹിക-സാമ്പത്തിക ജീവിതത്തിലുണ്ടാക്കിയ സ്വാധീനം വിവരിക്കുക.

<u>Answer:</u>

- മുസ്ലീങ്ങളും ക്രിസ്ത്യാനികളും തമ്മിൽ വിശുദ്ധ ഭൂമിയായ ജെറുസലേമിന് വേണ്ടി നടന്ന യുദ്ധങ്ങളാണ് കുരിശുയുദ്ധങ്ങൾ.

- 11 മുതൽ 13 വരെ നൂറ്റാണ്ടുകളിൽ നടന്ന ഈ യുദ്ധങ്ങൾ യൂറോപ്പിലെയും ഏഷ്യയിലെയും രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തി.

- കുരിശുയുദ്ധങ്ങൾ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള സാംസ്കാരിക വിനിമയത്തിന് വഴിയൊരുക്കി.

- ഇറ്റാലിയൻ നഗരങ്ങൾ കിഴക്കൻ ലോകത്തെ സംസ്കാരവും ജീവിതവുമായി പരിചയപ്പെടുകയും ഇത് നഗരങ്ങളുടെ വളർച്ചയെ ത്വരിതപ്പെടുത്തുകയും ചെയ്തു.

- മെഡിറ്ററേനിയൻ മേഖലയിലെ കിഴക്കും പടിഞ്ഞാറും തമ്മിലുള്ള വ്യാപാരത്തിൽ ഇറ്റാലിയൻ വ്യാപാരികൾ കുത്തക നേടിയെടുത്തു.

4. 14-ാം നൂറ്റാണ്ടിലുണ്ടായ പ്ലേഗ് രോഗബാധയെക്കുറിച്ച് ചർച്ച ചെയ്യുക.
<u>Answer:</u>

- 'ബ്ലാക്ക് ഡെത്ത്' എന്നറിയപ്പെടുന്ന പ്ലേഗ് 1347-നും 1351-നും ഇടയിൽ യൂറോപ്പിൽ ആയിരക്കണക്കിന് ആളുകളുടെ ജീവനെടുത്തു.

- ഇത് തൊഴിലാളികളുടെ കടുത്ത ക്ഷാമത്തിന് കാരണമാവുകയും കാർഷിക മേഖലയെ ആശ്രയിച്ചിരുന്ന മധ്യകാല നാടുവാഴിത്തത്തിന്റെ തകർച്ചയ്ക്ക് വഴിയൊരുക്കുകയും ചെയ്തു.

- പ്ലേഗ് പുതിയൊരു വാണിജ്യ മധ്യവർഗത്തിന്റെ ഉദയത്തിന് സഹായകമായി.

OXFORD

- പരമ്പരാഗത മരുന്നുകൾ പരാജയപ്പെട്ടപ്പോൾ ആളുകൾ പ്രാചീന ഗ്രീസിലെയും റോമിലെയും വൈദ്യശാസ്ത്രത്തെക്കുറിച്ച് പഠിക്കാൻ തുടങ്ങി.
- ജീവിതത്തിന്റെ നശ്വരതയെക്കുറിച്ച് ചിന്തിക്കാനും സ്വന്തം ക്ഷേമത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും ഇത് പ്രേരിപ്പിച്ചു, ഇത് മാനവികതയുടെ ഉദയത്തിന് കാരണമായി.

5. കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കൽ ഇറ്റലിയുടെ ബൗദ്ധിക മേഖലയിലുണ്ടാക്കിയ സ്വാധീനം വിലയിരുത്തുക.

<u>Answer:</u>

- 1453-ൽ ഓട്ടോമൻ തുർക്കികൾ കോൺസ്റ്റാന്റിനോപ്പിൾ കീഴടക്കി. ഇത് പ്രാചീന ഗ്രീക്കോ-റോമൻ രചനകൾ കൈവശമുണ്ടായിരുന്ന നിരവധി പണ്ഡിതന്മാരുടെ കേന്ദ്രമായിരുന്നു.
- തുർക്കി വിജയത്തിന് പിന്നാലെ ഈ പണ്ഡിതന്മാർ തങ്ങളുടെ ഗ്രന്ഥങ്ങളുമായി ഇറ്റാലിയൻ നഗരങ്ങളിലേക്ക് കുടിയേറി.
- ഇതിന്റെ ഫലമായി മധ്യകാലത്ത് സർവ്വകലാശാലകളിൽ മാത്രം ഒതുങ്ങിനിന്നിരുന്ന ഗവേഷണങ്ങളും പഠനങ്ങളും ലൈബ്രറികളിലേക്ക് വ്യാപിച്ചു.
- സമ്പത്തിന്റെയും രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെയും സംഗമം കലാപരമായ നവീകരണങ്ങൾക്കും സാംസ്കാരിക പരീക്ഷണങ്ങൾക്കും വളക്കൂറുള്ള മണ്ണൊരുക്കി.
- തൽഫലമായി സാംസ്കാരിക, ബൗദ്ധിക മേഖലകളിൽ പുതിയ ആശയങ്ങൾ ഉയർന്നുവന്നു.

6. മാനവികതയുടെ ഉദയം എങ്ങനെയാണ് ദൈവിക ചിന്തയിൽ നിന്ന് മനുഷ്യകേന്ദ്രീകൃതമായ കാഴ്ചപ്പാടിലേക്ക് മാറിയത്?

<u>Answer:</u>

- മധ്യകാലഘട്ടം ദൈവികതയ്ക്കും മരണാനന്തര ജീവിതത്തിനും മുൻഗണന നൽകുന്ന 'സ്കോളാസ്റ്റിസിസ'ത്താൽ സ്വാധീനിക്കപ്പെട്ടിരുന്നു.
- ക്രിസ്തീയ ദൈവശാസ്ത്രത്തിൽ നിന്നുള്ള മാറ്റമായി മാനവികത ഉയർന്നുവന്നു, ഇത് മനുഷ്യാനുഭവങ്ങൾക്കും ലൗകിക ജീവിതത്തിനും യുക്തിചിന്തയ്ക്കും പ്രാധാന്യം നൽകി.
- മനുഷ്യന്റെ പ്രത്യേകതകൾ, വികാരങ്ങൾ, കഴിവുകൾ, സാഹിത്യപരമായ ആവിഷ്കാരങ്ങൾ എന്നിവയെ മാനവികത ഉയർത്തിക്കാട്ടി.
- ഈ കാഴ്ചപ്പാട് ദൈവശാസ്ത്രപരമായ കാഴ്ചപ്പാടിൽ നിന്ന് മനുഷ്യകേന്ദ്രീകൃതമായ കാഴ്ചപ്പാടിലേക്കുള്ള മാറ്റമായിരുന്നു.
- മാനവികത മതപരമായ ശാസനകളെയും മേധാവിത്വത്തെയും ചോദ്യം ചെയ്യുകയും വിമർശനാത്മകമായ ശബ്ദങ്ങളെ ഉൾക്കൊള്ളുകയും ചെയ്തു.

OXFORD

7. മധ്യകാല ചിത്രകലയും നവോത്ഥാന ചിത്രകലയും തമ്മിലുള്ള സവിശേഷതകൾ താരതമ്യം ചെയ്യുക.

Answer:

- മധ്യകാല ചിത്രങ്ങൾ മാലാഖമാരെയും സ്വർഗ്ഗീയ ലോകങ്ങളെയും പോലുള്ള ആത്മീയ പ്രമേയങ്ങൾക്ക് പ്രാധാന്യം നൽകി.
- നവോത്ഥാന ചിത്രങ്ങൾ മനുഷ്യരൂപത്തിന്റെ ഭംഗി, മൗലികത, നിറങ്ങളുടെ സ്വാഭാവികമായ ഉപയോഗം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ചു.
- മാനവികതാ മൂല്യങ്ങൾ ചിത്രകലയിൽ പ്രതിഫലിച്ചു; മനുഷ്യരൂപങ്ങൾ കൃത്യതയോടും സൂക്ഷ്മതയോടും കൂടി അവതരിപ്പിക്കപ്പെട്ടു.
- നവോത്ഥാന ചിത്രകാരന്മാർ യുക്തിചിന്തയ്ക്കും മനുഷ്യവികാരങ്ങൾക്കും പ്രാധാന്യം നൽകി, ലൗകിക മൂല്യങ്ങൾക്ക് വിലകല്പിച്ചു.
- മാനവികതയുടെ സ്വാധീനത്താൽ കലാരൂപങ്ങൾ കൂടുതൽ കൃത്യവും യാഥാർത്ഥ്യബോധമുള്ളതുമായി മാറി.

8. നവോത്ഥാന ചിത്രകലയുടെ പ്രധാന സവിശേഷതകൾ വിശദീകരിക്കുക.

Answer:

- ഓയിൽ പെയിന്റിന്റെ ഉപയോഗവും പ്രകൃതിദൃശ്യങ്ങളുടെ (landscapes) ചിത്രീകരണവും നവോത്ഥാന ചിത്രകലയുടെ സവിശേഷതയാണ്.
- മനുഷ്യശരീരത്തിന്റെ യാഥാർത്ഥ്യബോധത്തോടെയുള്ള ചിത്രീകരണവും പോർട്രെയ്റ്റുകളുടെ ഉപയോഗവും ഇതിൽ ഉൾപ്പെടുന്നു.
- വെളിച്ചവും സ്ഥലപരമായ ആഴവും (spatial depth) ചിത്രീകരിക്കാൻ കലാകാരന്മാർ നിറങ്ങൾ ഉപയോഗിച്ചു.
- ദൈവിക രൂപങ്ങൾ ആദർശവൽക്കരിക്കപ്പെട്ട മനുഷ്യരൂപങ്ങളിൽ അവതരിപ്പിക്കപ്പെട്ടു.
- മനുഷ്യശരീരത്തെക്കുറിച്ചുള്ള അറിവ് (anatomy) ചിത്രങ്ങളിൽ കൃത്യതയും യാഥാർത്ഥ്യബോധവും കൊണ്ടുവരാൻ സഹായിച്ചു.

9. നവോത്ഥാനത്തിന് ലിയോനാർഡോ ഡാവിഞ്ചി നൽകിയ സംഭാവനകൾ വിവരിക്കുക.

Answer:

- ലിയോനാർഡോ ഡാവിഞ്ചി മനുഷ്യശരീരത്തെക്കുറിച്ച് ശാസ്ത്രീയമായി പഠിച്ച ബഹുമുഖ പ്രതിഭയായിരുന്നു.

OXFORD

- 'അന്ത്യത്താഴം' (The Last Supper), 'മോണാലിസ' (Mona Lisa) എന്നിവ അദ്ദേഹത്തിന്റെ ലോകപ്രശസ്തമായ ചിത്രങ്ങളാണ്.
- വർണ്ണം, നിഴൽ, വെളിച്ചം എന്നിവയെ അദ്ദേഹം തന്റെ കൃതികളിൽ സമന്വയിപ്പിച്ചു.
- 'അന്ത്യത്താഴത്തിൽ' ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ അത്ഭുതം, ഭയം, കുറ്റബോധം തുടങ്ങിയ വികാരങ്ങൾ വ്യക്തമായി ചിത്രീകരിച്ചിരിക്കുന്നു.
- മോണാലിസയുടെ നിഗൂഢമായ ഭാവങ്ങൾ ലിയോനാർഡോ ഡാവിഞ്ചി സമർത്ഥമായി ഉൾപ്പെടുത്തിയ നിരവധി ഉത്തരം ലഭിക്കാത്ത ചോദ്യങ്ങൾ ഒളിപ്പിച്ചുവെക്കുന്നു.

10. നവോത്ഥാനത്തെക്കുറിച്ചുള്ള 'കൊളോണിയൽ കാഴ്ചപ്പാടും' അതിനെതിരെയുള്ള വാദങ്ങളും ചർച്ച ചെയ്യുക.

Answer:

- നവോത്ഥാനം യൂറോപ്പിൽ മാത്രം ഉത്ഭവിച്ചതാണെന്ന പരമ്പരാഗത കാഴ്ചപ്പാടിനെ ചോദ്യം ചെയ്യുന്ന നിരവധി വാദങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.
- ജോർജ്ജ് ജെയിംസിന്റെ Stolen Legacy, മാർട്ടിൻ ബെർണലിന്റെ Black Athena തുടങ്ങിയ കൃതികൾ ബദൽ കാഴ്ചപ്പാടുകൾ അവതരിപ്പിക്കുന്നു.
- കൊളോണിയൽ ചരിത്രകാരന്മാർ യൂറോപ്പിനെ നാഗരികതയുടെ ഏക കേന്ദ്രമായി ചിത്രീകരിക്കുന്ന യൂറോപ്യൻ കേന്ദ്രീകൃത (Eurocentric) വിവരണം നൽകിയതായി വിമർശകർ കരുതുന്നു.
- ഈ പക്ഷപാതപരമായ സമീപനം മറ്റ് സംസ്കാരങ്ങളുടെ സംഭാവനകളെ തള്ളിക്കളയുകയും അവയെ പാർശ്വവൽക്കരിക്കുകയും ചെയ്തു.
- യൂറോപ്യന്മാർ മാത്രമേ പരിഷ്കൃതർ ഉള്ളൂ എന്നും മറ്റുള്ളവർ അപരിഷ്കൃതരാണെന്നും ഈ വിവരണം സൂചിപ്പിക്കുന്നു.

11. ' നവോത്ഥാന ചിത്രങ്ങൾക്ക് മറ്റ് ചില വ്യതിരിക്ത സവിശേഷതകളും ഉണ്ടായിരുന്നു' - അവ എന്തൊക്കെയാണ്?

Answer:

- ഭൂദൃശ്യങ്ങൾ
- വർണ്ണങ്ങൾ കൊണ്ട് പ്രകാശത്തെയും അകലത്തേയും ചിത്രീകരിക്കൽ
- മനുഷ്യശരീരത്തിന്റെ യഥാർത്ഥ ചിത്രീകരണം
- എണ്ണച്ചായത്തിന്റെ ഉപയോഗം
- ഛായാചിത്രങ്ങൾ
- ആദർശവൽക്കരിക്കപ്പെട്ട മനുഷ്യരൂപത്തിലുള്ള ദൈവങ്ങളുടെ ചിത്രീകരണം

12. ചരിത്രരചനയെ ശാസ്ത്രീയമാക്കുന്നതിൽ നവോത്ഥാനം വഹിച്ച പങ്ക് വിശദീകരിക്കുക.

Answer:

മതേതരത്വത്തിലേക്കുള്ള മാറ്റം :

മധ്യകാലഘട്ടത്തിലെ ക്രൈസ്തവ അധിഷ്ഠിത ചിന്താഗതികളിൽ നിന്ന് മാറി, ലോകകാര്യങ്ങൾക്കും മതേതര ജീവിതത്തിനും ചരിത്രരചനയിൽ പ്രാധാന്യം ലഭിച്ചു. ചരിത്രം എന്നത് ദൈവഹിതത്തിന് പകരം മനുഷ്യന്റെ പ്രവൃത്തികളുടെ ഫലമാണെന്ന കാഴ്ചപ്പാട് ഉടലെടുത്തു.

മാനുഷിക കേന്ദ്രീകൃതമായ കാഴ്ചപ്പാട്

സന്യാസിമാർ എഴുതിയിരുന്ന മതപരമായ കുറിപ്പുകൾക്ക് പകരം മനുഷ്യജീവിതത്തിന് ചരിത്രത്തിൽ മുഖ്യസ്ഥാനം ലഭിച്ചു. ചരിത്ര സംഭവങ്ങളെ മനുഷ്യന്റെ തീരുമാനങ്ങളുടെയും സാഹചര്യങ്ങളുടെയും അടിസ്ഥാനത്തിൽ വിശകലനം ചെയ്യാൻ തുടങ്ങി.

വിമർശനാത്മക ചിന്ത:

ഹ്യൂമനിസത്തിന്റെ (Humanism) വളർച്ചയോടെ കാര്യങ്ങളെ യുക്തിപൂർവ്വം ചിന്തിക്കാൻ ചരിത്രകാരന്മാർ പഠിച്ചു. കെട്ടുകഥകൾക്കും ഐതിഹ്യങ്ങൾക്കും പകരം ശാസ്ത്രീയമായ അന്വേഷണ രീതികൾ ചരിത്രരചനയുടെ ഭാഗമായി.

തെളിവുകളുടെ ഉപയോഗം :

ചരിത്രം രേഖപ്പെടുത്താൻ ശിലാലിഖിതങ്ങൾ, നാണയങ്ങൾ, പുരാതന കൈയെഴുത്തുപ്രതികൾ തുടങ്ങിയ പുരാവസ്തു തെളിവുകൾക്ക് ചരിത്രകാരന്മാർ കൂടുതൽ പ്രാധാന്യം നൽകിത്തുടങ്ങി. വെറും കേട്ടറിവുകളേക്കാൾ ഉപരിയായി കൃത്യമായ തെളിവുകൾ അവർ തേടി.

വ്യവസ്ഥാപിതമായ വർഗ്ഗീകരണം:

ഫ്ലാവിയോ ബിയോണ്ടോ (Flavio Biondo), ലിയോനാർഡോ ബ്രൂണി (Leonardo Bruni) തുടങ്ങിയ ചരിത്രകാരന്മാരാണ് ചരിത്രത്തെ മൂന്ന് കാലഘട്ടങ്ങളായി തരംതിരിച്ചത്: പ്രാചീന കാലം , മധ്യകാലം, ആധുനിക കാലം

13. നവോത്ഥാന കാലഘട്ടത്തിൽ ജ്യോതിശാസ്ത്രത്തിൽ ഉണ്ടായ വിപ്ലവകരമായ മാറ്റങ്ങൾ എന്തെല്ലാം?

Answer:

- ആയിരക്കണക്കിന് വർഷങ്ങളായി നിലനിന്നിരുന്ന ടോളമിയുടെ ഭൂകേന്ദ്രീകൃത സിദ്ധാന്തം (Geocentric Model) ഭൂമിയാണ് പ്രപഞ്ചത്തിന്റെ കേന്ദ്രം എന്ന് വിശ്വസിച്ചിരുന്നു. എന്നാൽ നവോത്ഥാന കാലം ഈ ചിന്താഗതിയെ മാറ്റിമറിച്ചു.
- നിക്കോളാസ് കോപ്പർനിക്കസ് 1543-ൽ തന്റെ സൂര്യകേന്ദ്രീകൃത സിദ്ധാന്തം അവതരിപ്പിച്ചു. പ്രപഞ്ചത്തിന്റെ കേന്ദ്രം ഭൂമിയല്ല, മറിച്ച് സൂര്യനാണെന്ന് അദ്ദേഹം വാദിച്ചു.
- ജ്യോതിശാസ്ത്രത്തിലെ ഏറ്റവും വലിയ വിപ്ലവം ഗലീലിയോ ഗലീലി ദൂരദർശിനി ഉപയോഗിച്ച് നടത്തിയ നിരീക്ഷണങ്ങളായിരുന്നു.

OXFORD

- വ്യാഴത്തിന് ചുറ്റും ഭ്രമണം ചെയ്യുന്ന നാല് ഉപഗ്രഹങ്ങളെ ഗലീലിയോ കണ്ടെത്തി. എല്ലാ വസ്തുക്കളും ഭൂമിയെ അല്ല ചുറ്റുന്നത് എന്നതിന് തെളിവായിരുന്നു ഇത്.
- ചന്ദ്രനെപ്പോലെ ശുക്രനും വിവിധ കലകൾ ഉണ്ടെന്ന് അദ്ദേഹം കണ്ടെത്തി.
- ചന്ദ്രനിലെ കുഴികളും സൂര്യകളങ്കങ്ങളും കണ്ടെത്തിയതിലൂടെ, ആകാശഗോളങ്ങൾ കുറ്റമറ്റതും മാറ്റമില്ലാത്തതുമാണെന്ന പഴയ അന്ധവിശ്വാസങ്ങൾ അദ്ദേഹം തകർത്തു.
- ഗ്രഹങ്ങൾ കൃത്യമായ വട്ടത്തിലാണ് സഞ്ചരിക്കുന്നത് എന്നായിരുന്നു പഴയ വിശ്വാസം. എന്നാൽ ജോഹന്നാസ് കെപ്ലർ ഈ ധാരണ തിരുത്തി.. ഗ്രഹങ്ങൾ സൂര്യനു ചുറ്റും സഞ്ചരിക്കുന്നത് ദീർഘവൃത്താകൃതിയിലുള്ള പാതയിലാണെന്ന് അദ്ദേഹം കണ്ടെത്തി.
- ഗ്രഹങ്ങൾ എങ്ങനെ നിശ്ചിത പാതയിൽ നിലനിൽക്കുന്നു എന്നതിന് ഗുരുത്വാകർഷണ നിയമത്തിലൂടെ ഐസക് ന്യൂട്ടന് ഉത്തരം നൽകി.

14. "മനുഷ്യത്വവാദം (Humanism) നവീകരണ പ്രസ്ഥാനത്തിന് (Reformation) കാരണമായി." - സമർത്ഥിക്കുക.

ഉത്തരം:

- ഇറാസ്മസും മറ്റുള്ളവരും രചിച്ച പരിഹാസരൂപേണയുള്ള കൃതികളും വിമർശനങ്ങളും കത്തോലിക്കാ സഭയിലെ ചില വിശ്വാസങ്ങൾക്കെതിരെ പ്രതിഷേധിക്കാൻ ജനങ്ങളെ പ്രാപ്തരാക്കി.
- പണം നൽകിയാൽ പാപങ്ങളിൽ നിന്ന് മോചനം ലഭിക്കുമെന്ന് സഭ അവകാശപ്പെട്ടിരുന്ന 'പാപമോചനപത്രങ്ങളുടെ' വിൽപ്പനയെ വിശ്വാസികൾ എതിർത്തു.
- 1517-ൽ മാർട്ടിൻ ലൂഥർ തന്റെ 'തൊണ്ണൂറ്റഞ്ചു പ്രബന്ധങ്ങൾ' വിറ്റൻബർഗ് കത്തീഡ്രലിന്റെ വാതിലിൽ പതിപ്പിച്ചു. ഇത് സഭയ്ക്കുള്ളിൽ വലിയ ആശയപരമായ സംവാദങ്ങൾക്ക് വഴിവെച്ചു.
- ലൂഥറിന്റെ കൃതികൾ ലാറ്റിൻ ഭാഷയിൽ നിന്ന് ജർമ്മൻ ഭാഷയിലേക്ക് വിവർത്തനം ചെയ്യപ്പെടുകയും വ്യാപകമായി പ്രചരിക്കുകയും ചെയ്തു. ഇത് പ്രൊട്ടസ്റ്റന്റ് നവീകരണ പ്രസ്ഥാനത്തിന്റെ തുടക്കമായി മാറി.
- നികുതി പിരിവ്, നിയമനങ്ങൾ എന്നിവയിലുള്ള പുരോഹിതന്മാരുടെയും സഭാ കോടതികളുടെയും അധികാരം പരിമിതപ്പെടുത്തുന്നതിനായി ഭരണാധികാരികൾ നവീകരണ പ്രസ്ഥാനത്തെ പ്രോത്സാഹിപ്പിച്ചു.

15. കത്തോലിക്കാ സഭ പ്രതി-നവീകരണത്തിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കുക.

ഉത്തരം:

- സഭയിലെ തെറ്റായ പ്രവണതകൾ തിരുത്തുന്നതിനും പരിഷ്കാരങ്ങൾ നടപ്പിലാക്കുന്നതിനുമായി സഭാ നേതൃത്വം 'ട്രെന്റ് കൗൺസിൽ' വിളിച്ചുകൂട്ടി.
- ഈ പരിഷ്കാരങ്ങളുടെ നേരിട്ടുള്ള ഫലമായി, പാപമോചനപത്രങ്ങളുടെ വിൽപ്പന ഔദ്യോഗികമായി നിരോധിച്ചു.
- വിശ്വാസികൾ വായിക്കാൻ പാടില്ലാത്ത പുസ്തകങ്ങളുടെ പട്ടികയായ 'ദി ഇൻഡക്സ്' സഭ പ്രസിദ്ധീകരിച്ചു.
- ഇഗ്നേഷ്യസ് ലയോള 'സൊസൈറ്റി ഓഫ് ജീസസ്' സ്ഥാപിച്ചു. ഇതിലെ അംഗങ്ങൾ കർശനമായ അച്ചടക്കവും ചോദ്യം ചെയ്യപ്പെടാത്ത അനുസരണവും പാലിച്ചിരുന്നു.
- വിദ്യാലയങ്ങൾ സ്ഥാപിച്ചും സജീവമായ മിഷനറി പ്രവർത്തനങ്ങളിൽ ഏർപ്പെട്ടും ഈ സംഘടന സഭയുടെ അധികാരം ഉറപ്പിച്ചു.

16. സാഹിത്യത്തിൽ നവോത്ഥാനത്തിനുണ്ടായ സ്വാധീനത്തെയും അച്ചടിയന്ത്രത്തിന്റെ പങ്കിനെയും കുറിച്ച് വിശകലനം ചെയ്യുക.

ഉത്തരം:

- മനുഷ്യനും മനുഷ്യന്റെ ആവശ്യങ്ങൾക്കും പ്രാധാന്യം നൽകുന്ന 'മനുഷ്യത്വവാദം' ഈ കാലഘട്ടത്തിലെ സാഹിത്യത്തിൽ വ്യാപകമായി പ്രതിഫലിച്ചു.
- പതിനഞ്ചാം നൂറ്റാണ്ടിൽ ജോഹന്നാസ് ഗുട്ടൻബർഗ് ലോഹ ലിപികൾ ഉപയോഗിച്ച് യൂറോപ്പിലെ ആദ്യത്തെ അച്ചടിയന്ത്രം സ്ഥാപിച്ചു.
- അച്ചടിയന്ത്രത്തിന്റെ കണ്ടുപിടുത്തം സാക്ഷരതയുടെ പുരോഗതിയിലേക്കും അറിവ് ജനങ്ങളിലേക്ക് വ്യാപകമായി എത്തുന്നതിലേക്കും നയിച്ചു.
- അച്ചടിയന്ത്രം വന്നതോടെ സാഹിത്യ കൃതികൾ വൻതോതിൽ ലഭ്യമാകുകയും ആളുകൾ അവ വ്യാപകമായി വായിക്കാൻ തുടങ്ങുകയും ചെയ്തു.
- ആഗോള സ്വാധീനം: നവോത്ഥാനത്തിന്റെ സ്വാധീനം ഇറ്റലിക്ക് പുറത്തേക്ക് വ്യാപിക്കുകയും നെതർലാൻഡ്സ്, ഇംഗ്ലണ്ട്, സ്പെയിൻ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽ മികച്ച കൃതികൾ രചിക്കപ്പെടാൻ കാരണമാകുകയും ചെയ്തു

OXFORD